**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 150 A/2026**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, പള്ളി കൈസ്ഥാനികൾക്കും, ഭരണസമിതി അംഗങ്ങൾക്കും വാഴ്വ്!

കർത്താവിൽ പ്രിയരെ,
പരിശുദ്ധ സഭയുടെ എല്ലാ പള്ളികളുടെയും, മെത്രാസനങ്ങളുടെയും, 01-04-2025 മുതൽ 31-03-2026 വരെയുള്ള കാലയളവിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ കൺസോളിഡേറ്റ് ചെയ്ത് സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ ആദായനികുതി നിയപ്രകാരമുള്ള റിട്ടേൺ സമർപ്പിക്കേണ്ടതാണ്.

ആയതുകൊണ്ട് ആ പള്ളിയുടെ 2025-26 സാമ്പത്തിക വർഷത്തെ Receipts & Payments Account, Income & Expenditure Account, Balance Sheet, ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കൗണ്ടുകളുടെ വിശദമായ ഷെഡ്യൂളുകൾ എന്നിവ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെകൊണ്ട് ഓഡിറ്റ് ചെയ്യിച്ച് **10 B ഓഡിറ്റ് റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്** എന്നിവ സഹിതം ബന്ധപ്പെട്ട സമിതികളിൽ പാസാക്കി, ഭദ്രാസന മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ ഭദ്രാസന തലത്തിൽ കൺസോളിഡേറ്റ് ചെയ്യേണ്ടതിന് **2026 മെയ് 30 ന് മുമ്പായി** അതാത് ഭദ്രാസന കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കേണ്ടതും, അവ ഭദ്രാസനകേന്ദ്രത്തിൽ കൺസോളിഡേറ്റ് ചെയ്ത് **2026 ജൂലൈ മാസം ആദ്യവാരം തന്നെ സഭാ കേന്ദ്രത്തിൽ** ലഭിക്കത്തക്കവിധത്തിൽ ഭദ്രാസന കേന്ദ്രങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിലേക്ക് നിർബ്ബന്ധമായും അയച്ചുതരേണ്ടതുമാണ്. മേൽവിവരിച്ചതിൻപ്രകാരം കണക്കുകൾ നൽകാത്തപക്ഷം ആദായനികുതി സംബന്ധമായി ഉണ്ടാകാവുന്ന എല്ലാ പരാതികൾക്കും അതുവഴി പരിശുദ്ധ സഭയ്ക്കോ, ആ ഇടവകയ്ക്കോ ഉണ്ടാകാവുന്ന എല്ലാ സാമ്പത്തിക നഷ്ടങ്ങൾക്കും പ്രിയനും ഇടവകയും മാത്രം ഉത്തരവാദിയായിരിക്കും എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടുന്ന കണക്കുകൾ യഥാസമയം സമർപ്പിക്കാത്ത പക്ഷം സഭയിൽ നിന്നുള്ള ഗ്രാന്റുകളോ മറ്റ് ആനുകൂല്യങ്ങളോ പള്ളികൾക്കോ മെത്രാസനങ്ങൾക്കോ, ലഭിക്കുകയില്ലാ എന്നുകൂടി അറിയിക്കുകയാണ്.

കണക്കുകൾ ഭദ്രാസന കേന്ദ്രത്തിൽ സമർപ്പിക്കുന്നതിന് മുമ്പ് ഇടവകയോഗം പാസ്സാക്കേണ്ടതും, അപ്രകാരം ഇടവകയോഗം ചേർന്ന തീയതി രേഖപ്പെടുത്തിയ വികാരിയുടെ കത്ത് കണക്കുകളോടൊപ്പം നൽകേണ്ടതും, കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി പരിശുദ്ധ സഭയ്ക്ക് ലഭിച്ചിട്ടുള്ള ആദായനികുതി ഇളവ് സംരക്ഷിക്കത്തക്കവിധത്തിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ കണക്കുകൾ കൃത്യമായി തയ്യാറാക്കി ചുമതലക്കാരുടെ പേരും ഒപ്പും ബന്ധപ്പെടേണ്ട ഫോൺ നമ്പറും സഹിതം ഭദ്രാസനകേന്ദ്രത്തിലേക്ക് അയയ്ക്കുന്നതോടൊപ്പം, തയ്യാറാക്കിയ കണക്കുകളുടെ എക്സൽ ഫോർമാറ്റിലുള്ള സോഫ്റ്റ് കോപ്പി ഭദ്രാസനത്തിന്റെ E-mail അഡ്രസ്സിൽ അയച്ചുകൊടുക്കുകയും ചെയ്യണം. കൂടാതെ സഭാ കേന്ദ്രത്തിൽ നിന്നും ഈ കല്പനയോടൊന്നിച്ച് വയ്ക്കുന്ന കവറിംഗ് നോട്ട് പൂരിപ്പിച്ച് കണക്കുകളും ബജറ്റുകളും സമർപ്പിക്കുമ്പോൾ അതോടൊപ്പം ചേർത്ത് വയ്ക്കേണ്ടതാണ്. ടി ഫോർമാറ്റ് സഭയുടെ ഔദ്യോഗിക വെബ് സൈറ്റിലും (www.mosc.in) ലഭ്യമാണ്.

ആദായനികുതി ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് സമയക്ലിപ്തത പാലിക്കേണ്ടത് എല്ലാ പള്ളികളുടെയും മെത്രാസനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, സ്ഥാപനങ്ങളുടെയും ചുമതലയാണെന്ന് നാം ഒരിക്കൽകൂടി പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. സമയപരിധിക്കുള്ളിൽ കണക്കുകൾ ലഭിക്കാതെവന്നാൽ മാനേജിംഗ് കമ്മറ്റിക്ക് നിർദ്ദിഷ്ട ദിവസങ്ങൾക്ക് മുമ്പേ കണക്കുകൾ അച്ചടിച്ചു വിതരണം ചെയ്യുവാൻ കഴിയാതെ വരുമെന്ന് പ്രത്യേകം അറിയിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2026 ഏപ്രിൽ മാസം 18-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**